**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **21-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് പി.ഡി.എസ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | സ്മാർട്ട് പി.ഡി.എസ് പദ്ധതി സംബന്ധിച്ച ധാരണാപത്രം കേന്ദ്ര സർക്കാരും കേരളാ സർക്കാരും തമ്മിൽ 2024 മെയ് മാസം ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ പൊതുവിതരണ രംഗത്തെ കൂടുതൽ ശാക്തീകരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുള്ള സാധ്യതകൾ വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് പൊതുവിതരണ രംഗത്ത് എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ സ്കീമുകൾ കൊണ്ടു വന്ന് സാങ്കേതികവിദ്യയുടെ നേതൃത്വത്തിലുള്ള പരിഷ്കാരങ്ങൾ നിലനിർത്താനും നിലവിലുള്ള IMPDS സ്കീമിന്റെ പരിഷ്കാരങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ ഭാവിയിൽ പുതിയ പരിഷ്കാരങ്ങൾ അവതരിപ്പിക്കാനും, ഒരു രാജ്യം ഒരു റേഷൻ കാർഡ് (ONORC) സംവിധാനത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുവാനും ടി പദ്ധതി ഉദ്ദേശിക്കുന്നു. ഗോഡൗൺ തലങ്ങളിൽ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം ഭരണവും നിയന്ത്രണവും മെച്ചപ്പെടുത്തുന്നതിനുള്ള മാനുവൽ ഇടപെടൽ കുറയ്ക്കുന്നതിനും ടി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ